ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

E-mail: secretary@niyamasabha.nic.in

ഭരണഭാഷ മാതൃഭാഷ

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 11380/എം.എ.ഇ 2/2016/നി.സെ/II.

തിരുവനന്തപുരം,
27.11.2018.

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ ഹോസ്റ്റലിലെ പാർക്കിംഗ് ഇടങ്ങളിൽ പാർക്ക് ചെയ്യാൻ അനുമതിയുള്ള ബഹു. അംഗങ്ങളുടെ വാഹനങ്ങളിൽ പുറത്ത് നിന്ന് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാവുന്ന തരത്തിലുള്ളതും, ഇതിനോടൊപ്പമുള്ള മാതൃകയിൽ ഉള്ളതും, ഒന്നിലധികം വാഹനമുപയോഗിക്കുന്ന അംഗത്തിന് പ്രസ്തുത ബോർഡ് എടുത്ത് മാറ്റി മറ്റ് വാഹനങ്ങളിൽ സ്ഥാപിക്കാവുന്ന തരത്തിലുള്ളതുമായ 116 (നൂറ്റി പതിനാറ്) ബോർഡുകൾ നിർമ്മിച്ച് നൽകുവാൻ താൽപ്പര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ബോർഡ് ഒന്നിന് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന് കരാർ നൽകുന്നതാണ്.

ക്വട്ടേഷനുകൾ 10.12.2018-ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ കവറിനു മുകളിൽ 'നിയമസഭാ ഹോസ്റ്റലിലെ പാർക്കിംഗ് ബോർഡിനായുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടു ത്തേണ്ടതാണ്.

11.12.2018 ന് രാവിലെ 11.00 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും തുടർ നടപടി സ്വീകരിക്കുന്നതുമാണ്. ഏതെങ്കിലും കാരണ വശാൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്ന ദിവസം അവധിയാകാൻ ഇടയായാൽ അടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷൻ പരിശോധിച്ച് സ്ഥിരപ്പെടുത്തുന്ന താണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്നവരുടെ ക്വട്ടേഷൻ പരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ഒന്നിലധികം വ്യക്തികൾ ഒരേ തുക ക്വാട്ട് ചെയ്താൽ പ്രസ്തുത വ്യക്തികളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള നറുക്കിലൂടെ കരാർ സ്ഥിരപ്പെടുത്തുന്നതാണ്. കരാർ ലഭിക്കുന്ന വ്യക്തി സ്വന്തം ചെലവിലും ഉത്തരവാ ദിത്വത്തിലും ടി ബോർഡുകൾ 15 ദിവസത്തിനുള്ളിൽ നിയമസഭാ ഹോസ്റ്റലിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷനുകൾ യാതൊരു കാരണവും കാണിക്കാതെ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഉള്ള അധികാരം നിയമസഭാ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

എം. കെ. സുരേന്ദ്രലാൽ,
എസ്റ്റേറ്റ് ഓഫീസർ,
നിയമസഭാ ഹോസ്റ്റൽ.

**MEMBER**
KERALA LEGISLATIVE ASSEMBLY
CONSTITUENCY NO:$$$